# KSCSTE - CENTRE FOR WATER RESOURCES DEVELOPMENT AND MANAGEMENT

(An institution of Kerala State Council for Science, Technology & Environment, Govt. of Kerala)
Kunnamagalam, Kozhikode-673571, Kerala, India
Email:ed@cwrdm.org, registrar@cwrdm.org, priju@cwrdm.org
Phone: 0495-2351800, 801,854
GSTIN: 32AAATK6446J3ZJ


**No:CWRDM/KSC-2024/VC** **Dated 21-12-2023**

**TENDER NOTICE FOR VENUE ARRANGEMEMENT**

## 36th Kerala Science congress 08 - 11 February 2024

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മുപ്പത്തിയാറാമത് കേരള ശാസ്ത്ര കോൺഗ്രസ്, ജലവിഭവ വികസന വിനിയോഗ കേന്ദ്രം (സി.ഡബ്ല്യൂ.ആർ.ഡി.എം) കോഴിക്കോടിന്റെയും ഗവണ്മെന്റ് കോളേജ് കാസർഗോഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഗവണ്മെന്റ് കോളേജ് കാസർഗോഡ് ക്യാമ്പസിൽ വെച്ച് 2024 ഫെബ്രുവരി 8 മുതൽ 11 വരെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിന്റെ അകത്തുനിന്നും പുറത്തുനിന്നുമായി ഒരു ദിവസം പരമാവധി ആയിരത്തിമുന്നൂറോളം പേർ ഈ പരിപാടിയിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയിരത്തിൽ കൂടുതൽ ആൾക്കാരെ പങ്കെടുപ്പിച്ചു, സർക്കാർ/ അർദ്ധസർക്കാർ പരിപാടികൾ നടത്താൻ വേദികളും അനുബന്ധ സൗകര്യങ്ങളും ഒരുക്കി കൊടുത്തു പ്രവർത്തി പരിചയവും ജി.എസ്.ടി രജിസ്ട്രേഷനും പ്രവർത്തനമികവും ഉള്ള സ്ഥാപനങ്ങളിൽ നിന്നോ വ്യക്തികളിൽനിന്നോ ദർഘാസുകൾ മുദ്രവെച്ച കവറിൽ ക്ഷണിച്ചുകൊകൊള്ളുന്നു.

- **നിരതദ്രവ്യം (EMD) തുക : 27,300/- രൂപ (ഇരുപത്തിയേഴായിരത്തി മുന്നൂറ് ) - DD ആയി മാത്രം പ്രത്യേകം സമർപ്പിക്കേണ്ടതാണ്**
- **ടെണ്ടർ ഫോറത്തിന്റെ വില : 4512/- രൂപ ( 4100/- + 12 % GST) - സി.ഡബ്ല്യൂ.ആർ.ഡി.എം രസീത് / DD ആയി പ്രത്യേകം സമർപ്പിക്കേണ്ടതാണ്**

ദർഘാസിനായുള്ള ടെണ്ടർ ഫോറം സി.ഡബ്ല്യൂ.ആർ.ഡി.എം-ൽ നിന്ന് ഓഫീസ് പ്രവർത്തനസമയങ്ങളിൽ 23-12-2023 തീയതി മുതൽ 15-01-2024 ഉച്ചക്ക് 2.00 മണി വരെ 4,512/- രൂപ (ടെണ്ടർ ഫോറത്തിന്റെ

വില) നൽകി കൈപറ്റുകയോ അല്ലെങ്കിൽ CWRDM വെബ്സൈറ്റിൽ നിന്നോ (www.cwrdm.kerala.gov.in /കേരള ശാസ്ത്ര കോൺഗ്രസ് വെബ്സൈറ്റിൽ നിന്നോ (www.ksc.kerala.gov.in) ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. ടെണ്ടർ ഫോറം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നവർ ടെണ്ടർ ഫോറത്തിന്റെ വില DD ആയി പ്രത്യേകം സമർപ്പിക്കേണ്ടതാണ്.

നിർദിഷ്ട തുകകൾക്കുള്ള DD (ടെണ്ടർ ഫോറത്തിന്റെ വില, നിരതദ്രവ്യം (EMD) ) **CWRDM കോഴിക്കോട്** എന്ന പേരിൽ എടുത്തു ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടാതാണ്.

**ദർഘാസിനോടൊപ്പം താഴെ പറയുന്ന രേഖകൾ നിർബന്ധമായും സമർപ്പിക്കേണ്ടാതാണ്**.

1. ദർഘാസ് പ്രമാണങ്ങളുടെ വിലയുടെ രസീത് / DD
2. നിരതദ്രവ്യം (EMD) -DD
3. പാൻ കാർഡിന്റെ കോപ്പി
4. **ലൈറ്റ് ആൻഡ് സൗണ്ട് ലൈസൻസ് കോപ്പി.**
5. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കോപ്പി
6. മുൻപരിചയം തെളിയിക്കുന്നതിനുള്ള രേഖകൾ (1000ൽ കൂടുതൽ പേർ പങ്കെടുത്ത രണ്ടിലധികം ദിവസം ദൈർഘ്യമുള്ള സർക്കാർ തലത്തിലുള്ള പരിപാടികൾ -മിനിമം രണ്ടെണ്ണം)
7. അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങൾ.
8. പ്രിലിമിനറി എഗ്രിമെന്റ് (നിശ്ചിത ഫോർമാറ്റിൽ ഇരുനൂറു രൂപ സ്റ്റാമ്പ് പേപ്പറിൽ)
9. എക്സിക്യൂഷൻ ഓഫ് സപ്ലൈ (നിശ്ചിത ഫോർമാറ്റിൽ)
10. ഡിക്ലറേഷൻ(നിശ്ചിത ഫോർമാറ്റിൽ)

മുദ്ര ചെയ്ത ദർഘാസുകൾ 15-01-2024 ഉച്ചക്ക് 2.30ന് മുൻപായി Convenor, Venue Arrangement Committee, 36th Kerala Science Congress, CWRDM, Kunnamangalam, Kozhikode, Pin: 673571 എന്ന വിലാസത്തിൽ ഈ ഓഫീസിൽ നേരിട്ടോ/തപാൽ/കൊറിയർ മുഖേനയോ എത്തിക്കേണ്ടതാണ്. നിർദിഷ്ട സമയത്തിന് ശേഷം വരുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. കവറിനു മുകളിലായി ***TENDER FOR VENUE ARRANGEMENT FOR KERALA SCIENCE CONGRESS 2024*** എന്ന് വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. അന്നേ ദിവസം 3 മണിക്ക് ദർഘാസുകൾ തുറക്കുന്നതായിരിക്കും. മേൽപറഞ്ഞ രേഖകൾ

ഇല്ലാത്തപക്ഷം ദർഘാസുകൾ നിരസിക്കപെടുന്നതായിരിക്കും. ടെണ്ടർ സംബന്ധിച്ച് കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

തെരഞ്ഞെടുക്കപ്പെടുന്ന ബിഡർ സെക്യൂരിറ്റിയായി **1,00,000/- (ഒരു ലക്ഷം)** രൂപയുടെ ബാങ്ക് ഗ്യാരണ്ടി സി.ഡബ്ല്യൂ.ആർ.ഡി.എം കുന്നമംഗലം എന്ന പേരിൽ നൽകേണ്ടതും ഇരുന്നൂറ് രൂപയുടെ മുദ്രപേപ്പറിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്. ബിഡർ കരാറിൽ നിന്നും പിന്മാറുകയോ വേദികൾ ഒരുക്കുന്നതിൽ വീഴ്ച്ച വരുത്തുകയോ, ഗുണമേന്മ കുറഞ്ഞ സാധന സാമഗ്രികൾ ഉപയോഗിക്കുകയോ, നിഷ്കർഷിച്ച എണ്ണത്തിൽ കുറവ് വരുത്തുകയോ ചെയ്താൽ EMD, ബാങ്ക് ഗ്യാരണ്ടി എന്നിവ കണ്ടുകെട്ടുന്നതും സർക്കാരിനു വരുന്ന നഷ്ടം ഈടാക്കുന്നതുനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്. പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ശേഷം ബില്ല് (GST പ്രകാരമുള്ളത് ) കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും അത് തൃപ്തികരമെന്നു ബോധ്യപ്പെട്ടാൽ പ്രസ്തുത തുകയും, EMD-യും ബാങ്ക് ഗ്യാരണ്ടിയും തിരികെ നല്കുന്നതുമായിരിക്കും.

ടെൻഡർ സംബന്ധമായ എല്ലാ സംശയങ്ങൾക്കും താഴെ കൊടുത്തിരിക്കുന്ന അഡ്രസ്സിൽ ബന്ധപ്പെടേണ്ടതാണ്.

Sd/-

Convenor, Venue Arrangement Committee,
36th Kerala Science Congress, CWRDM,
Kunnamangalam, Kozhikode, Pin: 673571
ഫോൺ :0495-2351800,801, 9847677306

# <u>മുപ്പത്തിയാറാമത് കേരള ശാസ്ത്ര കോൺഗ്രസ്</u>

**ടെണ്ടർ നമ്പർ: CWRDM/KSC-2024/VC, തീയതി 21/12/2023**
**വേദി:** ഗവണ്മെന്റ് കോളേജ് ക്യാമ്പസ്, കാസർഗോഡ്
**ലഭ്യമാക്കേണ്ട ഐറ്റം: വേദികൾ ഒരുക്കുന്നതിന്**

## <u>ടെണ്ടർ നിബന്ധനകൾ</u>

1. ടെൻഡർ നിരക്കുകളും നിബന്ധനകളും 2024 ഫെബ്രുവരി 1 മുതൽ മൂന്ന് മാസത്തേക്ക് ബാധകമായിരിക്കും. ഈ കാലയളവിൽ നിരക്കിൽ യാതൊരു വിധമാറ്റങ്ങളും പരിഗണിക്കുന്നതല്ല.
2. നിഷ്കർഷിച്ച രീതിയിൽ വേദികൾ ഒരുക്കുന്നതിൽ ഒരുതരത്തിലും വീഴ്ച്ച വരുത്താൻ പാടുള്ളതല്ല.
3. വേദികൾക്ക് ഉപയോഗിക്കുന്ന സാധന സാമഗ്രികൾ ഗുണനിലവാരമുള്ളതും ഉറപ്പുള്ളതും ആയിരിക്കണം.
4. നിർദിഷ്ട എണ്ണത്തിൽ കുറവ് വരുത്താൻ പാടുള്ളതല്ല.
5. കരാർകിട്ടുന്ന കരാറുകാരൻ **1,00,000/- രൂപയുടെ (ഒരു ലക്ഷം രൂപ)** ബാങ്ക് ഗ്യാരണ്ടി നൽകേണ്ടതാണ്, കൂടാതെ 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ടെണ്ടർ നിബന്ധനകൾ ഉൾപ്പെടുത്തി നിശ്ചിത ഫോർമാറ്റിൽ എഗ്രിമെന്റ് സമർപ്പിക്കേണ്ടതുമാണ്.
6. സംസ്ഥാന/ കേന്ദ്രസർക്കാരുകളോ കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലോ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ/ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്യുകയോ ചെയ്തിട്ടുള്ള കരാറുകാരുടെ ടെൻഡറുകൾ നിരസിക്കപ്പെടുന്നതാണ്.
7. ഈ ടെൻഡർ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും പ്രതേകിച്ചും നഷ്ട പരിഹാരം നൽകാതെയും മുന്നറിയിപ്പ് കൂടാതെയും, നിബന്ധനകൾ മാറ്റുന്നതിനും ടെൻഡർ ക്യാൻസൽ ചെയ്യുന്നതിനുമുള്ള അധികാരം ഓർഗനൈസിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

8. വേദികൾ ഒരുക്കേണ്ട സ്ഥലങ്ങൾ 04/02/2024 മുതൽ ലഭ്യമായിരിക്കും.
9. കരാറുകാരന്റെ കൂടെയുള്ള തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച ഐഡൻറിറ്റി കാർഡ് ലഭ്യമാക്കേണ്ടതാണ് കൂടാതെ സുരക്ഷാ ചുമതലയുള്ള ഉദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ ഐഡന്റിറ്റി കാർഡ് കാണിക്കേണ്ടതാണ്.
10. ഫുഡ് കോർട്ട് , എക്സിബിഷൻ ഹാൾ എന്നിവ 06/02/2024 3.00pm മണിക്ക് മുൻപായി പ്രവർത്തന സജ്ജമാക്കേണ്ടതാണ്.
11. റെജിസ്ട്രേഷൻ കൗണ്ടർ, മെയിൻ ഓഡിറ്റോറിയം, പോസ്റ്റർ പ്രദർശന സ്ഥലം എന്നിവ 07/02/2024 3.00pm മണിക്ക് മുൻപായി പ്രവർത്തന സജ്ജമാക്കേണ്ടതാണ്
12. ടെക്നിക്കൽ പ്രസന്റേഷൻ ഹാളുകൾ 08/02/2024 3.00pm മണിക്ക് മുൻപായി പ്രവർത്തന സജ്ജമാക്കേണ്ടതാണ്.
13. കരാറുകാരൻ വേദി ഒരുക്കലുമായി ബന്ധപ്പെട്ട് ആവശ്യമായ ഫിറ്റ്നസ് ക്ളീയറൻസ് സർട്ടിഫിക്കറ്റ് അതാതു ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വാങ്ങേണ്ടതാണ്.
14. വേദി ഒരുക്കലുമായി ബന്ധപ്പെട്ട് അധികമായി എന്തെകിലും സാധന സാമഗ്രികൾ ആവശ്യം വരുന്ന സാഹചര്യത്തിൽ കരാറുകാരൻ അത് എത്തിക്കേണ്ടതാണ്.
15. വൈദ്യുതി, ലൈറ്റ് & സൗണ്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ടെക്നീഷ്യൻസിന്റെ സേവനം എല്ലാ ദിവസവും (മുഴുവൻ സമയവും) വേദികളിലും അനുബന്ധ ഇടങ്ങളിലും ഉറപ്പു വരുത്തേണ്ടതാണ്.
16. പരിപാടികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ ഹെൽപ്പേർസിന്റെ സേവനം ക്രമീകരിക്കേണ്ടതാണ്.

17. ശാസ്ത്ര കോൺഗ്രസ്സ് 11/02/2024 ന് അവസാനിക്കുന്നതാണ്. പന്തലുകളും അനുബന്ധ സാമഗ്രികളും മാറ്റുന്നതിന് 14/02/2024 വരെ സമയം നൽകുന്നതാണ്.
18. ഫോട്ടോ ആൽബം, ഡിജിറ്റൽ ഫോട്ടോസ് എന്നിവ ഒരു സ്റ്റോറേജ് ഡിവൈസിൽ പകർത്തി 14/02/2024 മുൻപായി തരേണ്ടതാണ്.

B. PAYMENT DETAILS

1. ശാസ്ത്ര കോൺഗ്രസ്സ് വിജയകരമായി പൂർത്തീകരിക്കുകയും വേദികളും മറ്റ് സാധന സാമഗ്രികളും അവിടെനിന്നു പൊളിച്ചു മാറ്റുകയും കൂടാതെ വേദികൾക്കായി ഉപയോഗിച്ച സ്ഥലങ്ങൾ വൃത്തിയാക്കുകയും ചെയ്തതിനു ശേഷം മാത്രമേ മുഴുവൻ തുക അനുവദിക്കുകയുള്ളൂ.
2. ഇൻകം ടാക്സ്, ജി എസ് ടി മുതലായ വ്യവസ്ഥകൾ ബാധകമാണ്.

C. പ്രവർത്തി നടത്തേണ്ട സ്ഥലം

ഗവൺമെന്റ് കോളേജ്, കാസർഗോഡ്

# <u>സത്യപ്രസ്താവന</u>

ടെൻഡറർമാർക്കുള്ള നിർദ്ദേശങ്ങളും പൊതുവായ നിബന്ധനകളും വ്യവസ്ഥകളും മുകളിൽ വിശദമാക്കിയ കരാറിന്റെ പ്രത്യേക വ്യവസ്ഥകളും ഞങ്ങൾ മനസ്സിലാക്കുന്നു. ഞാൻ/ഞങ്ങൾ മുകളിൽ പരാമർശിച്ച സവിശേഷതകൾ/ ഷെഡ്യൂൾ വിശദമായി പരിശോധിച്ചു, നിബന്ധനകൾക്കനുസൃതമായും അതിന് വിധേയമായും '36-ാമത് കേരള സയൻസ് കോൺഗ്രസ്' നടത്തുന്നതിനുള്ള 'വേദി ക്രമീകരണങ്ങളുമായി' ബന്ധപ്പെട്ട എല്ലാ പ്രവൃത്തികൾക്കും എന്റെ/ഞങ്ങളുടെ ഓഫർ ബാധകമാണ്.

സ്ഥലം :

തീയതി :

കരാറുകാരന്റ ഒപ്പും സീലും

വിലാസം :

ഫോൺ നമ്പർ:

**KSCSTE - CENTRE FOR WATER RESOURCES DEVELOPMENT AND MANAGEMENT**

(An institution of Kerala State Council for Science, Technology & Environment, Govt. of Kerala)
Kunnamagalam, Kozhikode-673571, Kerala, India
Email:ed@cwrdm.org, registrar@cwrdm.org, priju@cwrdm.org
Phone: 0495-2351800, 801, 9847677306
GSTIN: 32AAATK6446J3ZJ

## ടെണ്ടർ ഫോറം

ടെണ്ടർ നമ്പർ : CWRDM/KSC-2024/VC തീയതി 21/12/2023

ലഭ്യമാക്കേണ്ട ഐറ്റം : മുപ്പത്തിയാറാമത് കേരള ശാസ്ത്ര കോൺഗ്രസിനു വേണ്ടി വേദികൾ ഒരുക്കുന്നതിന്

കരാറുകാരന്റെ പേര് :

വിലാസം :

ഫോൺ നമ്പർ :

ഇമെയിൽ :

ടെണ്ടർ ഫോറത്തിന്റെ വില 4512/- രൂപ : (DD No.........................................

dated..............................................)

നിരതദ്രവ്യം (EMD) 27,300/- രൂപ : (DD No............................................

dated..............................................)

ജി.എസ്.ടി നമ്പർ :

പാൻ നമ്പർ :